(ബി) ഇത്തരത്തിൽ പ്രൈവറ്റ് ഏജൻസികൾ മുഖേന, വായ്പ എടുത്തിരിക്കുന്ന സാധാരണക്കാരെ ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ ബാങ്കായ എസ്.ബി.റ്റി. യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ. കടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ ചുമതലപ്പെടുത്തിയ എസ്.ബി.റ്റി. യുടെ തീരുമാനം പിൻവലിക്കാൻ എസ്.ബി.റ്റി. മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ച് കൊണ്ട് 29-7-2015-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കുകയും ഈ വിവരം അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽനിന്നും കേന്ദ്രസർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കത്ത് അയയ്ക്കുകയും ചെയ്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡിന്റെ അംഗീകാരത്തോടുകൂടി തീരുമാനങ്ങൾ എടുക്കുന്നതിന് പൊതുമേഖലാ ബാങ്കായ എസ്.ബി.റ്റി.-ക്ക് സ്വയംഭരണാവകാശം ഉണ്ടെന്നും കടിശ്ശിക പിരിച്ചെടുക്കൽ ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിൽപ്പെട്ട ഒന്നാണെന്നും കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ബാങ്കിനെതിരായി അഴിമതി, പീഡനം എന്നീ വിഷയങ്ങളിലുള്ള ഗുരുതരമായ പരാതികളിലല്ലാതെ സാധാരണ ബിസിനസ്സ് സംബന്ധമായ പ്രവർത്തനങ്ങളിൽ ഇടപെടാറില്ലെന്ന് കേന്ദ്രസർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്റ്റേറ്റ് ലെവൽ ബാങ്കുകളുടെ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിച്ചുവരുന്നു.

വനിതാ എക്സൈസ് ഗാർഡ്

123 (1863) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര വനിതാ എക്സൈസ് ഗാർഡുമാർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) വനിതാ എക്സൈസ് ഗാർഡ് തസ്തികയിൽ നിലവിൽ ഉള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന എക്സൈസ് വകുപ്പിൽ 282 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. എങ്കിലും 140 പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽനിന്നും വകുപ്പിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശിപാർശയ്ക്കുള്ള അപേക്ഷ പി.എസ്.സി.-ക്ക് നൽകുന്നതാണ്.

ലഹരി മോചന പദ്ധതി

124 (1864) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഗ്രാമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം കുറയ്ക്കാനായി സർക്കാർ എന്ത പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മദ്യവിൽപ്പനയിൽ നിന്നും ഇക്കാര്യത്തിലേയ്ക്ക് സെസ് ആയി എത്ര തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ ലഹരിമോചന പദ്ധതിയായ സുബോധത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) സുബോധത്തിന്റെ നടത്തിപ്പിനായി സെസ് പിരിച്ച തുക ബിവറേജസ് കോർപ്പറേഷൻ അതത് മാസങ്ങളിൽ തന്നെ വിൽപ്പന നികുതി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും, ആയത് ശരിയായ രീതിയിൽ നികുതി വകുപ്പ് കണക്കിൽ പ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2030-ഓടെ കേരളത്തെ ലഹരി വിമുക്തമാക്കുക എന്ന പുനർജനിയുടെ ലക്ഷ്യം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി, സർക്കാർ സുബോധം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഭരണാനുമതി ലഭിച്ച ടി പദ്ധതി 3 വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ ആകെ അടങ്കൽ തുകയായ 78.80 കോടി രൂപയ്ക്ക് 25-9-2015-ലെ ജി.ഒ.

LIBRARY ARCHIVES Kerala Legislative Assembly